## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4820 05/02/2014-ൽ മറുപടിയ്ക്ക്

# ആലപ്പുഴ ജില്ലയിൽ ഹൈ-ടെക് കൃഷി

ചോദ്യം
ശ്രീ. ആർ. രാജേഷ്

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്ത് ഹൈ-ടെക് കൃഷി പദ്ധതി ഏതൊക്കെ സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഹൈടെക് കൃഷി പദ്ധതി ആരംഭിച്ചിട്ടുണ്ട്.

ബി) ആലപ്പുഴ ജില്ലയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ഏതൊക്കെ മണ്ഡലങ്ങളിലെന്ന് വിശദമാക്കുമോ;

ബി) ആലപ്പുഴ ജില്ലയിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും പദ്ധതി നടപ്പിലാക്കി വരുന്നു.

സി) സംസ്ഥാനത്ത് എത്ര ഹൈ-ടെക് കൃഷിഫാമുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; ഹൈ-ടെക് കൃഷി ഫാമുകൾ നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

സി) വിവിധ പദ്ധതികളിലായി 540 ഫാമുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഹൈടെക് കൃഷി വ്യാപകമാക്കുവാൻ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് ഫാമിംഗ് പദ്ധതി നടപ്പിലാക്കി വരുന്നു. 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പോളിഹൗസ് നിർമ്മിക്കുന്നതിന് ചെലവ് പ്രതീക്ഷിക്കുന്ന 3.74 ലക്ഷം രൂപയുടെ 75% തുകയായ 2,80,500/- രൂപ ധനസഹായമായി നൽകിവരുന്നു. ഇതിൽ 1.87 ലക്ഷം രൂപ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 0.935 ലക്ഷം രൂപ സംസ്ഥാന വിഹിതവുമായാണ് നിശ്ചയിച്ചിരിക്കുന്നത്.

2013-14-സാമ്പത്തിക വർഷത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 160000 ചതുരശ്ര മീറ്ററാണ് ലക്ഷ്യമിടുന്നത്. ഇതിൻ പ്രകാരം 400 മുതൽ 4000 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളിഹൗസ് നിർമ്മിക്കുന്നതിന്, ചതുരശ്ര മീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 75% തുകയായ 701.25 രൂപ ധനസഹായമായി നൽകുന്നതാണ്. ഇതിൽ 50 ശതമാനം തുകയായ 467.50 രൂപ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 233.75 രൂപ സംസ്ഥാന വിഹിതവുമായാണ് നൽകുന്നത്.

കൂടാതെ മുൻവർഷത്തിൽ നിന്നും നീക്കിയിരിപ്പുള്ള തുക വിനിയോഗിച്ചുകൊണ്ട് 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള 111 (ആകെ 44400 ചതുരശ്ര മീറ്റർ) പോളീഹൗസുകൾ നിർമ്മിക്കുവാനും മാർച്ച് മാസം 31ന് മുമ്പായി പൂർത്തീകരിക്കാനുമാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി നാച്ചുറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ച്ചറിലെ ഹൈടെക് കൃഷി പദ്ധതിയിലും സംസ്ഥാന സർക്കാർ 2012-13-ൽ നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് പരമാവധി 40 മുതൽ 4000 ചതുരശ്ര മീറ്റർ വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ചതുരശ്ര മീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 50% തുകയായ 467.50 രൂപ ധനസഹായമായി നൽകുന്നു.

സെക്ഷൻ ഓഫീസർ